**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1651** **31-08-2022 - ൽ മറുപടിയ്ക്ക്**

**മങ്കട മണ്ഡലത്തിലെ കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിലും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷവും മങ്കട മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ചതിനുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്ര അപേക്ഷകളിന്മേൽ എത്ര തുകയ്ക്കുള്ള നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ടെന്നുമുള്ള വിശദാംശം കൃഷിഭവൻ തിരിച്ച് ലഭ്യമാക്കുമോ; | (എ) | **മങ്കട നിയമസഭാ മണ്ഡലത്തിൽ 2669 കർഷകർക്ക് 4,14,61,220/- രൂപ (നാല്പ കോടി പതിനാല് ലക്ഷത്തി അറുപത്തിയൊന്നായിരത്തി ഇരുന്നൂറ്റി ഇരുപത് രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്. കൃഷിഭവൻ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം-I ആയി ചേർക്കുന്നു.** |
| (ബി) | നഷ്ടപരിഹാരം ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷകളിൽ ഇനിയും നഷ്ടപരിഹാരം വിതരണം ചെയ്യാത്ത എത്ര അപേക്ഷകളുണ്ടെന്നും എന്തുകൊണ്ടാണ് യഥാസമയം നഷ്ടപരിഹാരം വിതരണം ചെയ്യാൻ കഴിയാത്തതെന്നും നഷ്ടപരിഹാര വിതരണത്തിനായി ഇനി എത്ര തുക വേണ്ടി വരുമെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ; | (ബി) | മാന്വൽ ആയി ലഭിച്ച അപേക്ഷകളിൽ മുഴുവൻ തുകയും വിതരണം ചെയ്തിട്ടുണ്ട്. എയിംസ് പോർട്ടൽവഴി ലഭിച്ച ഇനിയും തുക വിതരണം ചെയ്യാനുള്ള 40 കർഷകർക്ക് 4,68,225/- രൂപ നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൃഷിഭവൻ തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം-II ആയി** ചേർക്കുന്നു. |
| (സി) | മങ്കട മണ്ഡലത്തിൽ കൃഷിനാശം നേരിട്ട മുഴുവൻ കർഷകർക്കും അടിയന്തരമായി മുഴുവൻ നഷ്ടപരിഹാര തുകയും വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | കൃഷിനാശം നേരിട്ട മുഴുവൻ കർഷകർക്കും മുഴുവൻ നഷ്ടപരിഹാരത്തുകയും വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം – I**

**മാന്വൽ ആയി ലഭിച്ചതിന്റെ വിവരങ്ങൾ**

| ക്രമ നം. | കൃഷിഭവൻ | അപേക്ഷകളുടെ എണ്ണം | വിതരണം ചെയ്ത തുക (രൂപ) |
|---|---|---|---|
| 1 | മങ്കട | 253 | 36,35,067 |
| 2 | കൂട്ടിലങ്ങാടി | 367 | 81,58,785 |
| 3 | മക്കരപ്പറമ്പ | 111 | 14,40,409 |
| 4 | കുറുവ | 161 | 27,76,605 |
| 5 | പുഴക്കാട്ടീരി | 135 | 41,18,534 |
| 6 | മൂർക്കനാട് | 179 | 15,89,569 |
| 7 | അങ്ങാടിപ്പുറം | 219 | 19,33,591 |
| **ആകെ** | | **1425** | **2,36,52,560** |

**എയിംസ് പോർട്ടൽ മുഖേന വിതരണം ചെയ്തത്**

| ക്രമ നം. | കൃഷിഭവൻ | അപേക്ഷകളുടെ എണ്ണം | വിതരണം ചെയ്ത തുക (രൂപ) |
|---|---|---|---|
| 1 | മങ്കട | 141 | 28,88,268 |
| 2 | കൂട്ടിലങ്ങാടി | 242 | 40,90,034 |
| 3 | മക്കരപ്പറമ്പ | 93 | 7,71,262 |
| 4 | കുറുവ | 175 | 30,28,072 |
| 5 | പുഴക്കാട്ടീരി | 164 | 22,29,832 |
| 6 | മൂർക്കനാട് | 172 | 13,86,522 |
| 7 | അങ്ങാടിപ്പുറം | 257 | 34,14,670 |
| **ആകെ** | | **1244** | **1,78,08,660** |

**അനുബന്ധം – II**

| ക്രമ നം. | കൃഷിഭവൻ | വിതരണം ചെയ്യാനുള്ള ബാക്കിയുള്ള അപേക്ഷകളുടെ എണ്ണം | വിതരണം ചെയ്യാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|
| 1 | മങ്കട | 2 | 38,434 |
| 2 | കൂട്ടിലങ്ങാടി | 4 | 33,413 |
| 3 | മക്കരപ്പറമ്പ | 15 | 1,57,976 |
| 4 | കുറുവ | 8 | 1,35,460 |
| 5 | പുഴക്കാട്ടിരി | 4 | 15,190 |
| 6 | മൂർക്കനാട് | 1 | 25,525 |
| 7 | അങ്ങാടിപ്പുറം | 6 | 62,227 |
| **ആകെ** | | **40** | **4,68,225** |